# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **849** **10.02.2016** - ൽ മറുപടിക്ക്

## ലൈൻ എക്സ്റ്റൻഷനു നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള ഇരിക്കൂർ അഡ്ജോയിനിംഗ് പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും പൂവം ജംഗ്ഷൻ മുതൽ കുയിലൂർ വരെ ലൈൻ എക്സ്റ്റൻഷനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (എ) പൂവ്വം ജംഗ്ഷൻ മുതൽ കുയിലൂർ വരെയുള്ള ഭാഗങ്ങൾ ഉൾപ്പെട്ട പടിയൂരിലും ഇരിക്കൂറിലും മറ്റ് സമീപ വില്ലേജുകളിലും ശുദ്ധജലവിതരണം ചെയ്യുന്ന തിനായി പൂവ്വത്തിനടുത്തായി 5.5 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണശാല പ്രവർത്തന സജ്ജമായി ജലവിതരണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പൂവ്വം മുതൽ കുയിലൂർ വരെയുള്ള പ്രദേശത്ത് നിലവിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ജലവിതരണം സാദ്ധ്യമല്ല. കണ്ണൂർ ജില്ലയിലെ മിക്ക കുടിവെള്ള പദ്ധതികളുടെയും ഉറവിടമായ പഴശ്ശി ബാരേജിനോട് ചേർന്നു കിടക്കുന്ന ഈ പ്രദേശം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ്. ഇവിടേക്ക് ശുദ്ധജലം എത്തിക്കുന്നതിനായി 6.5 കി.മീ പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. ഉദ്ദേശം 48 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി ലഭിയ്ക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ